**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 521</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ബജറ്റ് വിഹിതം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. വി. ഇബ്രാഹിം</th><th colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>2023-24 സാമ്പത്തിക വർഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ,ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയ പ്രാദേശിക സർക്കാറുകൾക്ക് എത്ര രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് എന്ന് സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാകുമോ;</td><td>(എ)</td><td>2023-24 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുള്ള ബജറ്റ് വിഹിതം താഴെപറയും പ്രകാരമാണ്.
<table>
<tr><th>പ്രാദേശിക സർക്കാർ തലം</th><th>ബജറ്റ് വിഹിതം (കോടിയിൽ )</th></tr>
<tr><td>മുനിസിപ്പൽ കോർപറേഷൻ</td><td>1313.60</td></tr>
<tr><td>മുനിസിപ്പാലിറ്റി</td><td>2216.76</td></tr>
<tr><td>ജില്ലാപഞ്ചായത്ത്</td><td>1436.75</td></tr>
<tr><td>ബ്ലോക്ക് പഞ്ചായത്ത്</td><td>1243.68</td></tr>
<tr><td>ഗ്രാമപഞ്ചായത്ത്</td><td>7938.51</td></tr>
<tr><td>ആകെ</td><td>14149.30</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം എത്ര തവണകളായി ഏതെല്ലാം മാസങ്ങളിലാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>എ പിരിവിൽ മറുപടി ലഭ്യമാണ്</td></tr>
<tr><td>(സി)</td><td>പ്രസ്തുത സ്ഥാപനങ്ങൾക്ക് 2024 മാർച്ച് മാസം ബജറ്റ് വിഹിതമായി ഏതെങ്കിലും ഗഡു അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമൂലം പദ്ധതി ചെലവുകൾ നിർവഹിക്കാനാവാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ;</td><td>(സി)</td><td>വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും മൂന്നാം ഗഡുവും 10 മുതൽ 12 വരെയുള്ള പൊതു ആവശ്യ ഫണ്ടും 2024 മാർച്ച് മാസം അനുവദിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണം കാരണം ട്രഷറിയിൽ ബില്ല് മാറാൻ സാധിക്കാത്തത് മൂലവും മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ അവസാന തവണ ലഭിക്കാത്തതിനാലും ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?</td><td>(ഡി)</td><td>എല്ലാ തവണകളും അനുവദിച്ചിരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ